# മംഗലവാർത്തകാലം

## വചന വിചിന്തനം

### മംഗലവാർത്തകാലം രണ്ടാം ഞായർ

ലൂക്കാ 1,26-38

**ലോകം കാതോർത്തിരുന്ന സദ്വാർത്ത "രക്ഷകൻ വരുന്നു" ആദ്യം കേട്ടത് മറിയമാണ്. സുവിശേഷത്തിന്റെ സംക്ഷേപകമായ മംഗളവാർത്തയ്ക്കുമുമ്പിൽ ശിരസ് നമിച്ചപ്പോൾ മറിയം അനുസരണത്തിന്റെയും വിനയത്തിന്റെയും മാതൃകയായ് മറിയം മാറ്റപ്പെടുകയായിരുന്നു!**

"നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും... അവൻ അത്യുന്നതൻെറ പുത്രൻ എന്നു വിളിക്കപ്പെടും..." ഇന്നോളം ജനിക്കപ്പെട്ടിട്ടുള്ള കുഞ്ഞുങ്ങളൊന്നും മനുഷ്യന്റെ അദ്ധ്വാനത്തിൽ നിന്ന് ഉണ്ടായിട്ടുള്ളതല്ല, മറിച്ച്, ദൈവത്തിന്റെ ദാനങ്ങളാണ്!

മറിയം മാറ്റുരച്ചുനോക്കാതെതന്നെ മഹനീയം എന്ന് വിളിക്കാവുന്ന വ്യക്തിത്വത്തിന് ഉടമയായിരുന്നു. അതിനുള്ള ഏറ്റവും നല്ല ദൃഷ്ടാന്തമാണ് "മംഗളവാർത്ത" അറിയിക്കുമ്പോൾ ഗബ്രിയേൽ ദൈവദൂതൻ മറിയത്തെ അഭിസംബോധന ചെയ്യുന്നത്;

"ദൈവകൃപ നിറഞ്ഞവളേ! സ്വസ്തി, കർത്താവ് നിന്നോടുകൂടെ!" (ലൂക്ക 1,28)

ഒരു വ്യക്തിക്ക് ഈ ലോകത്തിൽ വച്ച് സംഭവിക്കേണ്ട ഏറ്റവും വലിയ മാറ്റം, അവൻ/അവൾ ദൈവകൃപകൊണ്ട് നിറയുക എന്നുള്ളതാണ്. പക്ഷെ, ചരിത്രത്തിലേയ്ക്ക് തിരിഞ്ഞ് നോക്കുമ്പോൾ വിരലിലെണ്ണാവുന്ന ചുരുക്കം ചില വ്യക്തികൾ മാത്രമാണ് ദൈവകൃപകൊണ്ട് നിറയപ്പെടുന്നത്. അവരെ നാം വിശുദ്ധാത്മാക്കൾ എന്ന് വിളിക്കുന്നു. അങ്ങനെ വിശുദ്ധാത്മാക്കളായവരിൽ അഗ്രകണ്ണിയാണ് ദൈവകൃപകൊണ്ട് നിറഞ്ഞ പരി. കന്യകാമറിയം. അവൾ ദൈവകൃപകൊണ്ട് നിറയപ്പെടുന്നതിനുള്ള കാരണം അവളുടെ വിനയവും എളിമയും തന്നെയാണ്. മനസിലാകാത്ത വചനമാണ് ഗബ്രിയേൽ ദൂതൻ അവളെ അറിയിക്കുന്നത്. എന്നിട്ടും, അവൾക്ക് അതിനെക്കുറിച്ച് പരാതിയോ പരിഭവമോ ഇല്ല. മറിച്ച്, വിനയത്തോടെ എളിമയോടെ ദൈവപരിപാലനയിലും പദ്ധതിയിലും ആശ്രയിച്ച് ഹൃദയത്തിൽ സംഗ്രഹിക്കുകയാണ്, "ഇതാ, കർത്താവിൻെറ ദാസി! നിൻെറ വാക്ക് എന്നിൽ നിറവേറട്ടെ!" (ലൂക്കാ 1,38) എന്ന് പറഞ്ഞ്.

ഗബ്രിയോൽ ദൂതൻ അറിയിച്ച ദൈവത്തിന്റെ വചനത്തിന് മുമ്പിൽ മറിയത്തിന്റെ പ്രതികരണം വിനയത്തോടുകൂടെയുള്ള ആരായലും വിധേയത്വത്തോടുകൂടെയുള്ള കീഴടങ്ങലും ആയിരുന്നു.

1. വിനയത്തോടുകൂടെയുള്ള ആരായൽ: "ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ" (ലൂക്കാ 1,34).

2. വിധേയത്വത്തോടുകൂടെയുള്ള കീഴടങ്ങൽ: "ഇതാ, കർത്താവിൻെറ ദാസി! നിൻെറ വാക്ക് എന്നിൽ നിറവേറട്ടെ!" (ലൂക്കാ 1,38).

ഇന്നും നമ്മുടെ കുടുംബങ്ങളിലും ജീവിതങ്ങളിലും മനസ്സിലാകാത്ത വചനവും ശുഭകരമല്ലാത്ത വാർത്തയും വിരുന്ന് വരാറുണ്ട്. ഇതിനോടുള്ള പ്രതികരണം എങ്ങനെയാണ്? "മംഗളവാർത്ത" നമുക്ക് മാത്രം മംഗളകരമായ വാർത്താണ്. മറിയത്തിന് അത്ര ശുഭകരമായ വാർത്തയല്ല അത്. കാരണം, വിവാഹനിശ്ചയം മാത്രം കഴിഞ്ഞിരിക്കുന്ന പെൺകുട്ടി വിവാഹത്തിന് മുമ്പേ ഗർഭിണിയായി കാണപ്പെട്ടിരിക്കുന്നു. ജീവൻപോലും നഷ്ടപ്പെടാവുന്ന കുറ്റമാണ് അവൾ ചെയ്തിരിക്കുന്നത്. ഇത്രയും അശുഭകരമായ വാർത്തയായിട്ടുപോലും അതിനെ വിനയത്തോടെ വിധേയത്വത്തോടെ സ്വീകരിക്കുകയാണ് മറിയം. കാരണം, അവൾ ദൈവപരിപാലനയിൽ ഉറച്ച് വിശ്വസിച്ചു. ദൈവം അറി

യാതെ ഒന്നും എന്റെ ജീവിതത്തിൽ സംഭവിക്കില്ല എന്നുള്ള തിരിച്ചറിവ് അവൾ സ്വന്ത മാക്കി. വചനം എഴുതപ്പെടുന്നതിനുമുമ്പേ അതിന്റെ പൊരുൾ മറിയം ഹൃദ്യസ്ഥമാക്കിയി രുന്നു; ''ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ചു വിളിക്കപ്പെട്ടവർക്ക്, അവിടുന്നു സകലവും നൻമയ്ക്കായി പരിണമിപ്പിക്കുന്നുവെന്നു നമുക്കറിയാമല്ലോ" (റോമ 8,28).

ദൈവത്തിന്റെ പദ്ധതികൾ എത്രവലുതായിക്കൊള്ളട്ടെ, അത് നിറവേറ്റപ്പെടണമെ ങ്കിൽ ദൈവത്തോടൊത്ത് മനുഷ്യന്റെ സഹകരണം കൂടിയെ തീരു. മനുഷ്യന്റെ സഹക രണം ദൈവത്തിന് സമ്മാനിക്കണമെങ്കിൽ ദൈവീകപദ്ധതികളെയും ദൈവീകപരിപാല നയെയും തിരിച്ചറിയാൻ സാധിക്കണം. മറിയം തന്റെ ജീവൻ വരെ ഹനിക്കപ്പെടാമെന്നുള്ള അവസ്ഥയിലും ദൈവത്തോട് സഹകരിക്കുന്നതിന് കാരണം ദൈവീകപദ്ധതിയും ദൈവീ കപരിപാലനയും തിരിച്ചറിഞ്ഞതുകൊണ്ടാണ്. അബ്രാഹം വിശ്വാസികളുടെ പിതാവായി വാഴ്ത്തപ്പെടുന്നതുപോലെ മറിയം വിശ്വാസികളുടെ മാതാവെന്ന് വാഴ്ത്തപ്പെടുന്നുണ്ടെ ങ്കിൽ അതിനുള്ള കാരണം ദൈവീകപരിപാലനയിലുള്ള അവളുടെ വിശ്വാസം തന്നെ യാണ്. ഇന്ന് നമ്മുക്ക് നഷ്ടപ്പെടുന്നതും ഈ വിശ്വാസം തന്നെയാണ്.

ദൂതൻ മറിയത്തോടു പറഞ്ഞു: "മറിയമേ, ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു." ദൈവത്തിന്റെ കൃപയാണ് നാം തേടേണ്ടതും... അന്വേഷിക്കേണ്ടതും.

വലിയൊരു ഓഫീസിലെ മാനേജരാണ് ചന്ദ്രേട്ടൻ. വൈകീട്ട് എന്നും വീട്ടിലേക്ക് വരുന്ന വഴി വൈൻ ഷോപ്പിൽ നിന്ന് ഒരു ക്വാർട്ടർ വിസ്കിയും വാങ്ങി വരും. ഒരുപാട് സൗഹൃദങ്ങളില്ലാത്ത ചന്ദ്രേട്ടൻ എന്നും വീട്ടിലിരുന്ന്, ടി വി യും കണ്ട് ഒറ്റക്ക് മദ്യപിക്കാനാണ് ഇഷ്ടപ്പെട്ടിരുന്നത്. നാളേറെ കഴിഞ്ഞപ്പോൾ, ലതികേച്ചിക്ക് ആധിയായി. ഭർത്താവിനെ ഒരുപാട് സ്നേഹിക്കുന്ന അവർക്ക് ഭർത്താവിന്റെ സ്ഥിരം മദ്യപാനം അത്രക്കങ്ങ പിടിച്ചില്ല. ഭാര്യയല്ലാതെ മറ്റാരാണ് ഭർത്താവിന്റെ ആരോഗ്യം നോക്കുക.!! അങ്ങനെ കശപിശ പതിവായി. കശപിശ മൂത്തുമൂത്തുവന്നു. ലതികേച്ചിയുടെ ശകാരവർഷങ്ങൾ അതിരുകടക്കാൻ തുടങ്ങിയപ്പോൾ ചന്ദ്രേട്ടന് മനസ്സിലായി കുടുംബജീവിതം താളം തെറ്റാൻ പോവുകയാണെ്.

അന്ന്, ചന്ദ്രേട്ടൻ പതിവുപോലെ ക്വാർട്ടർ വാങ്ങാതെ വീട്ടിലെത്തി. കശപിശക്കായി കുപ്പിയും കാത്തിരുന്ന ലതികേച്ചിക്ക് അത് ഞെട്ടലുണ്ടാക്കുന്ന സംഭവമായിരുന്നു. തന്റെ ഭർത്താവ് മദ്യപാനം ഉപേക്ഷിച്ചെന്നോ!!! അവർക്ക് വിശ്വസിക്കാനായില്ല. എന്നാലും ആ മനസ്സ് സന്തോഷത്തിൽ ആറാടി. സ്നേഹപൂർവ്വം ചന്ദ്രേട്ടന്റെ അടുത്ത് ചെന്ന് ആ തോളിലൂടെ കൈയ്യിട്ട്, സോഫയുടെ കൈയ്യിലിരുന്നു. പിന്നെ, ഇനിയും ബാക്കി നിൽക്കു ഏതാനും മുടിയിഴകളിലൂടെ കയ്യോടിച്ച് അവർ ചോദിച്ചു.

"സത്യമായും ചന്ദ്രേട്ടൻ കുടിക്കേണ്ടെ് തീരുമാനിച്ചോ?"

"ഉം."

ഒരു മൂളൽ മാത്രമായിരുന്നു മറുപടി. പിന്നെ അയാൾ ന്യൂസ് ചാനലിൽ കണ്ണും നട്ടിരുന്നു തെരഞ്ഞെടുപ്പ് അവലോകനം ശ്രദ്ധിച്ചു. ''ന്റെ ഗുരുവായൂരപ്പാ... ചോറ്റാനിക്കരയമ്മേ... ന്റെ പ്രാർത്ഥന കേട്ടല്ലോ..." ലതികേച്ചി മനസ്സിൽ നന്ദി പറഞ്ഞു. പിന്നെ ചന്ദ്രേട്ടനോടായി ഒരു ചോദ്യം;

"ന്താ ചന്ദ്രേട്ട പെട്ടെന്ന് ഇങ്ങനെ തോന്നാൻ?"

''ഞാൻ ഇന്നാളു പറഞ്ഞില്ലെ ഓഫീസിൽ പുതിയൊരു അസിസ്റ്റന്റ് ജോയിൻ ചെയ്തെന്ന്. ഒരു നിമ്മി." ടി വിയിൽ നിന്നും കണ്ണെടുക്കാതെ അയാൾ തുടർന്നു.

"അവൾ ഇന്ന് എന്നോടു പറയുകയാ, സ്ഥിരം മദ്യപിക്കുതുകൊണ്ടാണ് മുഖമൊക്കെ ഇങ്ങനെ വിങ്ങി ഇരിക്കുന്നെ്. മദ്യപാനം നിർത്താൻ അവൾ പറഞ്ഞു. വെറും ഒരുമാസം കൊണ്ട് മുഖത്തിലെ വിങ്ങലൊക്കെ മാറി പത്ത് വയസ്സ് കുറഞ്ഞതുപോലെ തോന്നുമത്രെ!"

മറുപടിയൊന്നും പറയാതെ ലതികേച്ചി മുറിയിലേക്ക് കയറിപ്പോയി. തിരിച്ചു വന്ന് ഒരു അഞ്ഞൂറിന്റെ നോട്ടെടുത്ത് ചന്ദ്രേട്ടന് നേരെ നീട്ടി സ്നേഹത്തോടെ പറഞ്ഞു;

"ചന്ദ്രേട്ടാ, ഒരു തേങ്ങയും ഒരു പാക്കറ്റു പാലും വാങ്ങിക്കൊണ്ടുവരു. പിന്നെ, ചന്ദ്രേട്ടൻ

സ്ഥിരം കുടിക്കാറില്ലെ, അതുകൂടി ഒന്നു വാങ്ങിക്കോളൂ. പെട്ടെന്ന് കുടി നിർത്തിയാൽ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുമെന്ന് പണ്ട് ഞാൻ വനിതയിലോ ഗൃഹലക്ഷ്മിയിലോ മറ്റോ വായിച്ചിട്ടുണ്ട്. എന്റെ ഭർത്താവിന്റെ ആരോഗ്യം ഞാൻ തന്നെ നോക്കണ്ടെ!!!"

വിശ്വാസം നഷ്ടപ്പെടുമ്പോൾ സംഭവിക്കുന്ന വിപത്തുകൾക്ക് ഇതിനേക്കാൾ വലിയ ഉദാഹരണമില്ല. സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും അടിസ്ഥാനം വിശ്വാസം തന്നെയാണ്. എവിടെയെല്ലാം പരസ്പരമുള്ള വിശ്വാസത്തിൽ ആഴപ്പെടുവാൻ സാധിക്കുന്നുണ്ടോ അവിടെയെല്ലാം സ്നേഹമുണ്ടാകും... സന്തോഷമുണ്ടാകും... സമാധാനമുണ്ടാകും... ഈ വിശ്വാസം ദൈവത്തോടുള്ളതാകാം; അല്ലെങ്കിൽ, സഹോദരങ്ങളോടുള്ളതാകാം. എന്തിന്റെയും ഏതിന്റെയും അടിസ്ഥാനം വിശ്വാസം തന്നെയാണ്. ദൈവതിരുമുമ്പിൽ, "ഇതാ, കർത്താവിൻെറ ദാസി! നിൻെറ വാക്ക് എന്നിൽ നിറവേറട്ടെ!" (ലൂക്കാ 1,38) എന്ന് പറഞ്ഞ് മറിയം ശിരസ് നമിക്കുന്നുണ്ടെങ്കിൽ അവൾ ദൈവത്തിൽ അത്രമാത്രം അടിയുറച്ച് വിശ്വസിച്ചതുകൊണ്ട് മാത്രമാണ്. ഇന്ന് ദൈവീക പദ്ധതികളോട് ശിരസ് നമിച്ച് വിധേയത്വം പുലർത്താൻ സാധിക്കുന്നില്ലെങ്കിൽ അതിനുള്ള കാരണം ദൈവത്തിലുള്ള വിശ്വാസത്തിന്റെ കുറവ് തന്നെയാണ്.

ഈ ലോകത്തിൽ ഏറ്റവും അധികം കേൾക്കാൻ ആഗ്രഹിക്കുന്ന വചനം; "ദൈവകൃപ നിറഞ്ഞവളേ! സ്വസ്തി, കർത്താവ് നിന്നോടുകൂടെ!"

വി.മർക്കോസ് "ബർതിമേയൂസിനുകാഴ്ച നൽകുന്ന" സംഭവം തന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തുന്നുണ്ട് (മർക്കോ 10,46-52). ക്രിസ്തുവും ശിഷ്യൻമാരും ജറീക്കോയിലെത്തിയപ്പോൾ ഒരു വലിയ ജനാവലി അവരെ അനുഗമിക്കുന്നു. ഈ സമയം തിമേയൂസിൻെറ പുത്രനായ ബർതിമേയൂസ് എന്ന അന്ധയാചകൻ നസറായനായ യേശുവാണു പോകുന്നതെന്നറിഞ്ഞപ്പോൾ അവൻ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു പ്രാർത്ഥിച്ചു;

"ദാവീദിൻെറ പുത്രനായ യേശുവേ, എന്നിൽ കനിയണമേ!"

ജനക്കൂട്ടം അവനെ നിശ്ശബ്ദനായിരിക്കുവാൻ പറഞ്ഞുകൊണ്ട് ശകാരിച്ചു. എന്നാൽ, അവൻ കൂടുതൽ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു;

"ദാവീദിൻെറ പുത്രാ, എന്നിൽ കനിയണമേ!"

അവന്റെ വിശ്വാസം കണ്ട് ക്രിസ്തു അന്ധനെ വിളിച്ച് അവനോടു ചോദിച്ചു;

"ഞാൻ നിനക്കുവേണ്ടിഎന്തുചെയ്യണമെന്നാണ് നീ ആഗ്രഹിക്കുന്നത്?"

അന്ധൻ അവനോടു പറഞ്ഞു;

"ഗുരോ, എനിക്കു കാഴ്ച വീണ്ടുകിട്ടണം."

കർത്താവ് അവനോട് പറഞ്ഞു:

"നീ പൊയ്ക്കൊള്ളുക, നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു." തത്ക്ഷണം അവനു കാഴ്ച ലഭിച്ചു. നോക്കുക, വിശ്വാസം ഒരുവന് രക്ഷയ്ക്ക് കാരണമാകുന്നു, ഒപ്പം, സൗഖ്യത്തിനും. മറിയത്തിന്റെ വിശ്വാസം മാനവകുലത്തിന്റെ മുഴുവൻ രക്ഷയ്ക്കും കാരണമായി ഭവിക്കുന്നു. അവളുടെ വലിയ വിശ്വാസത്തിന്റെ വലിയ പ്രത്യേകത, അത് എളിമയോടുള്ള വിശ്വാസമായിരുന്നു... അത് വിധേയത്വത്തോടുകൂടെയുള്ള വിശ്വാസമായിരുന്നു... തന്മൂലം, അവളുടെ വിശ്വാസത്താൽ മാനവകുലം മുഴുവൻ അനുഗ്രഹത്തിന് കാരണമായി മാറ്റപ്പെട്ടു...

***"നമ്മൾ പാപംവഴി മരിച്ചവരായിരുന്നിട്ടും കരുണാസമ്പന്നനായ ദൈവം നമ്മോടു കാണിച്ച മഹത്തായ സ്നേഹത്താൽ, ക്രിസ്തുവിനോടുകൂടെ നമ്മെ ജീവിപ്പിച്ചു; കൃപയാൽ നിങ്ങൾ രക്ഷിക്കപ്പെട്ടു."***

എഫേ 2,4

---

ഫാ. ജോബി മേനോത്ത്
+91 9447777931